# യെഹസ്ക്കേല് പ്രവചനം നിവർത്തിയായി: യിസ്രായേല്

## ദിജിഎംന്യൂസ്, യൂറോപ്പ്




ജറുസലേം: യിസ്രായേലിന്റെ ഉയിര്ത്തെഴുന്നേല്പ്പും രാജ്യസ്ഥാപനവും യെഹസ്ക്കിയേല് മുപ്പത്തിയേഴാം അധ്യായത്തിലെ പ്രവചനത്തിന്റെ നിവര്ത്തിയാണെന്ന് യിസ്രായേല് പ്രധാനമന്ത്രി ബെന്യാമീന് നെതന്യാഹു. പോളണ്ടിലെ നാസി കോണ്സന്ട്രേഷന് ക്യാമ്പിന്റെ വിമോചനത്തിന്റെ 65-ാം വാര്ഷികത്തോടനുബന്ധിച്ച് നടന്ന ചടങ്ങില് സംസാരിക്കവേയാണ് അദ്ദേഹം ഇപ്രകാരം പറഞ്ഞത്. യെഹസ്ക്കിയേല് ദര്ശനത്തില് കണ്ട അസ്ഥിതാഴ്വരയെക്കുറിച്ചുള്ള പ്രവചനത്തെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്.

തകര്ച്ചയില് നിന്നും ചാരത്തില് നിന്നും ഒരിക്കലും ഉണങ്ങാത്ത മുറിവുകളില് നിന്നുമാണ് യിസ്രായേല് ഉയിര്ത്തെഴുന്നേറ്റിരിക്കുന്നത്.

പ്രവാചകന്മാരുടെ ദര്ശനങ്ങളിലും നീതിയിലും, യഹൂദ ആത്മാഭിമാനത്തിലും ഉറച്ച് നിന്ന് ഞങ്ങള് പുത്തന് ശാഖകള് വിടത്തി ആഴത്തില് വേരൂന്നിയിരിക്കുന്നു. ഉണങ്ങിയ അസ്ഥികളില് മാംസം വച്ച് ജീവന് നിറഞ്ഞ് ഒരു സൈന്യമായി എഴുന്നേറ്റിരിക്കുന്നു.

തന്റെ പ്രസംഗത്തില് ഉടനീളം പ്രധാനമന്ത്രി പ്രവചനപുസ്തകങ്ങളിലെ വാക്യങ്ങള് പരാമര്ശിച്ചു.